കൊണ്ടുചിലേടത്തു വേണ്ടിവരും കൈതവം
പിള്ളയായിട്ടു പിറന്ന വിണപ്പൊഴേ തുടങ്ങിയ
കള്ളവിത്ര്യശംബരന്റെ ശരമേൽപ്പോളം
ഉള്ളുയന്നഭക്തിയോടു ചിന്തിപ്പോരെ കാത്തുകൊള്ളും
ഉള്ളതു ചെയ്യുന്നേരം പുഞ്ചിരിതൂകും
വീരഭരോത്ഭവും വല്ല നേരും നടിക്കുന്നേരവും
ശ്രീരാമന്റെ കൂട്ടിരുന്നാലൊരു കാൎയ്യവും
തീരുന്ന കാലമല്ലിപ്പോഴെന്നായിട്ടിരിക്കും കൃഷ്ണൻ
തിരററ കാപട്യംകൊണ്ടു കളിച്ചതെല്ലാം
മണ്ണുതിന്നു മകനെന്നു കേട്ടിട്ടമ്മ കോപിച്ചപ്പോൾ
ഉണ്ണികൃഷ്ണൻ വാപൊളിച്ചിട്ടുലകീരേഴും
കണ്ണിൽകാട്ടി മായകൊണ്ടു മോഹിപ്പിച്ച നേരംതന്നെ
കണ്ണൻ കെട്ടിക്കേറിക്കൊണ്ടു മുലകുടിച്ചു
വെണ്ണകട്ടുതിന്നും വേശ്യമാൎക്കു കൂലിവേലചെയ്തും
വിണ്ണോടൊക്കും വ്രജവീടുതോറും നടന്നും
തണ്ണകരുനസ്കരംകൊണ്ടു നാൽമുഖനെ കരയിച്ചു
വണ്ണിപ്പാനിന്നതില്പരമുണ്ടോ വൈഭവം
കുന്നെടുത്തു കുടയാക്കീട്ടഹോരാത്രം മുഴുവനും
നിന്നു കുഞ്ഞികൃഷ്ണൻ ദ്വിജ പശുമേയുവാൻ
ഒന്നൊഴിയാതെ പാലിച്ചു കല്പാന്തമേഘങ്ങളിന്ദ്രൻ
ചൊന്നവണ്ണം വൎഷിച്ചവരൊതുങ്ങി വാങ്ങി
എന്നൊക്കമെൻ ഗൎവ്വുവച്ചു വട്ടംവഴക്കൊല്ലാ കൃഷ്ണ
കൊന്നേയ്യൊല്ല ഭഗവാനേ ഭജേ ഭവന്തം
എന്നീവണ്ണമാവലാധി പറവ്വൂതും ചെയ്തു വഞ്ചി
വന്നുവണങ്ങീട്ടു വീണു നമസ്കരിച്ചു

ഭക്തവത്സലനല്ലായ്കിലെന്നുമേ
ഇത്തൊഴില്ക്ക ശ്രമിയ്ക്കുമോ ഭര്ത്താവേ
അതു കേട്ടു പറഞ്ഞു മഹീസുരന്
അതു ചിന്തിച്ചു ഖേദിയാഴ്കെന്നുമേ
പരമാത്ഥം നിരൂപിയ്ക്കില് കൃഷ്ണനും
ജിഷ്ണുവുമൊരു ഭേദമില്ലേതുമേ
എന്നോടിപ്പോള് നീ ചൊന്ന വചനങ്ങള്
മുന്നം തങ്ങളില്തന്നെ പറഞ്ഞപ്പോള്
കുരുവീരന് പരിഭവിച്ചെന്നോട-
ങ്ങൊരു വാക്ക പറഞ്ഞതു കേള്ക്ക നീ
അന്തകാന്തകന് തൃക്കഴലാണ ഞാന്
അന്തകനേയും വെന്നു കുമാരനെ
രക്ഷിച്ചീട്ടവനല്ലായ്കിലപ്പൊഴേ
തീക്കുഴി തന്നില് വീണു മരിപ്പന് ഞാന്
എന്നിവണ്ണം വിശേഷിച്ചു പിന്നെയും
പിന്നെയുമുരചെയ്ത വചനങ്ങള്
ഇജ്ജനം മഹാപാപികളെങ്കിലും
അജ്ജുനനതു സാധിയ്ക്കും നിര്ണ്ണയം
ഖേദിയ്ക്കേണ്ട നാമെന്നങ്ങിരുവരും
മോദമുള്ക്കൊണ്ടിരിയ്ക്കുന്ന കാലത്തു
വിപ്രപത്നിയ്ക്കു ഗര്ഭവുമുണ്ടായി
വിപ്രനേറ്റം പ്രസാദവുമുള്ക്കൊമ്പില്
സത്യമായ്വരുമെന്നങ്ങുറച്ചുടന്
നിത്യമോരോരോ രക്ഷ തുടങ്ങിനാന്
വിഘ്നരാജാ നിനക്കിതാ കൂപ്പുന്നേന്

അൎജ്ജുനവിചേഷ്ടിതങ്ങളെല്ലാം കെട്ടിട്ടങ്ങു
നിൎജ്ജരേന്ദ്രനുള്ളിലേറം ഭീതിയുണ്ടായ്
ഇപ്പൊഴിത്തപോവിഘ്നത്തെ ചെയ്തിടായ്കിൽ പിന്നെ
മല്ലദമടക്കിവാഴും പാണ്ഡവന്മാർ
എന്നുരച്ചു ദേവരാജൻ ദേവനാരീമാരാം
സുന്ദരാംഗിമാരെ വിളിച്ചേവം ചൊന്നാൻ
വന്നാലും സുന്ദരി ബാലേ ഉൎവ്വശി! നീയിങ്ങു
വന്നാലും മേനകേ! രംഭേ! വൈകിടാതെ
നമ്മുടെ സുതൻ വിജയൻ സുന്ദരാംഗനിപ്പോൾ
മന്മഥാരിസേവചെയ്തു വാഴുന്നങ്ങു
ചെന്നവൻ തപസ്സിൻവിഘ്നം ചെയ്തിടായ്കിൽ പിന്നെ
നമ്മുടെ പൌരുഷമെല്ലാമില്ലെന്നാകും
സുന്ദരാംഗിമാരാം നിങ്ങളൊന്നു വേണം വേഗാൽ
ചെന്നവൻ തപസ്സിളക്കി വന്നീടേണം
സംഗീതങ്ങൾ താളമേളം വീണാനാദം നല്ല
ഭംഗിയിൽ പ്രയോഗിക്കേണം മങ്ങിടാതെ
ശിക്ഷയോടെ സംഗീതങ്ങൾ കേൾക്കുന്നേരം തന്റെ
അക്ഷികൾ മിഴിച്ചു നോക്കും സവ്യസാചി
അന്നേരം കാൎയ്യങ്ങൾ ചൊല്ലാം സത്യമാകുംവണ്ണം
എന്നാൽ നിങ്ങൾ വേഗം പോയിൻ നാരിമാരേ

ഇത്ഥം ദേവേന്ദ്രവാക്യം സുരതരുണിജനം
കേട്ടു സന്തോഷമോടെ
തല്പാദേ വീണു വന്ദിച്ചഴകിനൊടവരും
യാത്രയായുത്സുകമോടെ

അതിമൂഢ! നീ മോഷണമെന്തിനു ചെയ്തീടുന്നു
ബാണംമോഷ്ടിക്കുന്നതിനോളം നാണക്കേടില്ലൊന്നും
ആണുങ്ങൾക്കിതു യോഗ്യതയല്ല വിചാരിച്ചാലും
അമ്പുകളില്ലെന്നാകിൽനമ്മൊടുയാചിച്ചിടിൽഞാനൊ-
രമ്പതുനൂറു തരുന്നുണ്ടതിനൊരു സംശയമില്ല
പൊണ്ണാ! നീശരമോഷണമിങ്ങിനെ ചെയ്തീടുമ്പോൾ
(നിന്റെ
കണ്ണുകൾ കുത്തിയമപ്പതിനിങ്ങൊരു മടിയില്ലേതും
ദുർബുദ്ധേ! നീ നമ്മുടെ ബാണംമോഷ്ടിപ്പാനായ്കൊണ്ടോ
ഇട്ടിക്കിൽ വന്നിങ്ങിനെ നിന്നു തപം ചെയ്യുന്നു
വേടൻ ശിരമുടനിങ്ങിനെ കേട്ടൊരുസമയത്തിങ്കൽ
(തൈ തൈ
കോപം പൂണ്ടഥ വിജയനുമവനോടിങ്ങിനെചൊന്നാൻ
എന്തെട വേടാ! നീയിങ്ങിനെയൊരു ഭയമില്ലാതെ
(തൈ തൈ
എന്തെങ്കിലുമുരചെയ്യുന്നിതു തവ നാശമടുത്തോ?
തുമ്പില്ലാതെ പറഞ്ഞാൽ ഞാനും മടിക്കൂടാതെ നിന്റെ
ദന്തങ്ങൾക്കു ചവിട്ടും തരുമെന്നോർത്തീടേണം
വകതിരിവില്ലാത്തുള്ളൊരു മൂഢ! വേടാ! വേഗാൽ തൈ
(തൈ
വനമതിലുള്ള കിഴങ്ങുകൾ തിന്നു നടന്നാലും നീ
കാട്ടുകിഴങ്ങുകൾ തിന്മാനല്ലാതൊന്നറിയാമോ
നിന്റെ കൂട്ടക്കാരും നീയും മററിങ്ങെന്തിനുകൊള്ളാം
പണ്ടിപ്പെട്ടം വന്നിഹശണ്ഠതുടങ്ങിയതോർത്താൽ തൈതൈ
മണ്ടിയേ്ക്കണം തല്ലു കൊട്ടുത്തിഹ മടിക്കൂടാതെ

വ്യഗ്രതയോടു പതിച്ചു
തൽപതി മോഹിച്ചു വീണു-പിന്നെ-
ത്തല്പരിവാരങ്ങൾ കേണു
ആയതു കണ്ടൊരു നേര-മന-
സൂയയ്ക്കുമാധി പിടിച്ചു
വേഗേന ചെന്നു വിരിഞ്ചു-നപ്പോൾ
വെള്ളമെടുത്തു തളിച്ചു
അന്നേരം കണ്ണു തുറന്നു-ചത്തു
വീണൊരു മാമുനിശ്രേഷ്ഠൻ
താനേയെഴുന്നേററിരുന്നു-മുനി
മാനോഹരംകണ്ണീറിയുണ്ണന്നു
മൂത്തികൾ മൂവരും കൂടി-മുനി
മൂൎദ്ധനി തൊട്ടരുൾ ചെയ്തു
കാമനെക്കാളും മനോജ്ഞനൊ-കൃതി
മാമുനിശ്രേഷ്ഠനിദാനീം
ദീൎഘായുസ്സായിങ്ങ് ഭവിയ്ക്കും-നിന്റെ
വല്ലഭൻ മാമുനി താനും
എന്നരുൾ ചെയ്തു മറഞ്ഞു-ഹരി
ചന്ദ്രചൂഡൻ വിധി താനും
വാനവന്മാരും ഗമിച്ചു-ബ്രഹ്മ-
മാനമിവൎക്കു ലഭിച്ചു
അത്രികുഡുംബിനി താനും-പുന-
രത്രിസമീപേ ഗമിച്ചു
ഉഗ്രതപോമുനി ശ്രേഷ്ഠൻ-സുഖ-
മഗ്രജന്മാമൃതരൂപൻ

ഇന്നല്ലോ സംഗതിവന്നതുകൊണ്ടിഹ
നന്നായി വന്നീടുമിന്നിമേലിൽ
ഒന്നും മറന്നില്ല മുന്നം കഴിഞ്ഞവ
ഇന്നൊന്നു തോന്നുന്നു മാനസത്തിൽ
പണ്ടു നാമൊന്നിച്ചു ദേശികമന്ദിരേ
വേണ്ടുംപ്രകാരമിരുന്നുകൊണ്ടു
വേദങ്ങൾ വേദാന്തശാസ്ത്രങ്ങളും പിന്നെ
ആദാനം ചെയ്തു വസിയ്ക്കും കാലം
ഇന്ധനം വേണമെന്നഗ്രജനാം ചൊല്ലി-
ട്ടിന്ധനത്തിന്നു നാം പോയിതല്ലോ
നല്ല വിറകുമൊടിച്ചു നടന്നു നാം
വല്ലാതെയുള്ളോരു കാട്ടിലന്നു
ഉൗററത്തിൽ വന്നോരു കാററുമിടികളു-
മ്മൂററം മഴയും ചൊരിഞ്ഞു താനേ
ദിക്കുമറിയാതെ ദീനന്മാരായി നാ-
മക്കാട്ടിൽ നിളെ നടക്കുന്നേരം
മാർത്താണ്ഡദേവൻ മറഞ്ഞങ്ങു പോയല്ലോ-
ളാർത്താരിൽ വേദന ചൊല്ലിക്കൂടാ
കയ്യോടു കയ്യും പിടിച്ചു പതുക്കവേ
മെയ്യോടു മെയ്യുമണച്ചുകൊണ്ടു
വന്മരംതന്നുടെ കീഴങ്ങു നില്ക്കുമ്പോൾ
വന്മഴ പെയ്തതു ചൊല്ലാമോ താൻ
ഉൗററത്തിൽ വൻനരിയേങ്ങുന്നതു കേട്ടി-
ട്ടേററം കരഞ്ഞിതു നിതാന്തല്ലോ
കാട്ടാനതാനങ്ങലറുന്നതു കേട്ടു

മാരീചനായിപ്പോയി പൊന്മാനായ്ചമഞ്ഞിട്ടു
മായയാല്വന്നാനിവൾ മനസ്സുതെളിപ്പാനായ്
അതിനെ കേട്ടനേരം ചൊല്ലിനാൾ സീതാദേവി
പരീക്ഷയുണ്ടുപിന്നെ തോന്നുന്നു മാനസത്തിൽ
പിടിപ്പാൻ വിഷമമുണ്ടെല്ലൊ എൻഭർത്താവെ കേൾ
ഭംഗിയും രൂപം പൂണ്ടു കളിച്ചു മാരീചനും
ചാടിയും മറികയും ചാടിത്താൻ കളിക്കയും
ആട്ടവും കുഴച്ചിലും ഭംഗിയും നോക്കിക്കണ്ടു
പൊൻപോലെ നിറമൊത്ത പുള്ളിമാൻ കിടാവിനെ
പിടിച്ചു തരേണമെന്നെന്നോടു പറഞ്ഞിവൾ
ഭോഷനായത്തു പരമാൎത്ഥമെന്നോൎത്തു ഞാനും
പൊൻശരവില്ലും കുലച്ചുടുത്തു പിടിപ്പാനായ്
അടുക്കുന്നേരത്തവൻ അതിദൂരത്തു പോകും
തൊടുക്കുന്നേരമവൻ കളിസ്സും കാല്ക്കൽനിന്നു
അതിദൂരത്തെപോകുന്നവനെ അയച്ചിവൾ
നാരിതൻമറിവിനു വേറെയുണ്ടൊരു കുശൽ
കണ്ണീഴികൊണ്ടിട്ടവൾ വേറെയൊന്നറിയിസ്സും
മണ്ണിലും വിണ്ണിലുമേ കള്ളമായ് ചമച്ചതും
എങ്ങിനെ മഹാവീരാ തന്നോടു പറയുന്നു
ബന്ധമില്ലാതെ പറഞ്ഞൊട്ടുക്കി ഓരോതരം
ചിന്തയിലാകായെങ്കിൽ കൊല്ലേണം കളയാതെ
നന്മണിമുലമാരെ അമ്മമാർകളെ നിങ്ങൾ
ഇങ്ങിനെ ചമച്ചതും ദൈവമേ അറികെന്നു
എന്നിവൾ പറകയും വിങ്ങിയും കരകയും
എന്നതു കേട്ടനേരം രാമദേവനുമപ്പോൾ

മുമ്പേ നടന്നു പറഞ്ഞു രസിച്ചുകൊടുപ്പതു ധർമ്മസുതൻ
(താൻ
വെന്തുമുടിഞ്ഞതു പാണ്ഡവർവച്ചു വിളമ്പിയിതെന്തിനൊ നാ
(ടുണ്ടാൻ
അങ്ങിനെയുണ്ടു ചിലർക്കൊരുപക്ഷമതിങ്ങിനെയിങ്ങുവരാ
(ഞ്ഞു
ഇന്ദ്രനൊടൊന്നു മുരാരിയുരത്തതു പാണ്ഡവർ ഗന്ധർവ്വരാ
(ജ്ഞേ
ഇത്ഥയതായൊരു അശ്വവുമേറി നടപ്പതു കണ്ടതുപോലും
അങ്ങൊരുദിക്കിലുമില്ല പിന്നായിങ്ങുവരാഞ്ഞതുമെന്തേ
ഇന്നിതിലുള്ളതിലച്ചുതനൊന്നിമുടിഞ്ഞുപോകെന്നുനിന
(ച്ചേ
ഈടിനവൻ പന പന്തലിൽമിതുപറിച്ചുവരിട്ടതുനേരം
നിന്നമഹാജനനിനച്ചിതിലുള്ളവരൊക്കെ നശിച്ചു നീർ
കാന്താർകൊണ്ടു ഭീമനഃതാറകുലത്തിലെറിഞ്ഞു്
നിർണ്ണയമായിതു നാഗസുരംഗിനി ഗന്ധർവ്വകിന്നരരെല്ലാം
നിർണ്ണയമായിതു പാണ്ഡവനൊഴിഞ്ഞിതു ചസ്ത്വോരില്ലാ
ഒന്നൊഴിയാതെയിരുന്നു മഹാജനമുണ്ടസുഃയധനനാതി
ഊണകഴിഞ്ഞിതുപാണ്ഡവർതന്നുടെആശ്ചര്യംവരുമാറേ.

## മൂന്നാം പാദം

ആശ്ചര്യം വരുമാറങ്ങന്നദാനങ്ങൾ ചെയ്തു
അശ്വമേധാദിദാനം ചെയ്തു സുഖം വരുത്തി
അച്യുതൻ വിഷ്ണുമൂർത്തി ഗോവിന്ദനാദിനാഥൻ
അനുപാദശാനം വാണിയും വേദവ്യാസൻ

